നം. എം.1/1942/റ്റി.സി/04

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
കേരള, തിരുവനന്തപുരം
തീയതി 22.4.2006

**സർക്കുലർ നമ്പർ 2/2006**

വിഷയം: - മോട്ടോർ വാഹന വകുപ്പ്- ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾക്ക് ഡ്രൈവർമാർ സ്വന്തം കൈയ്യിൽ നിന്നും ചെലവു ചെയ്ത് ഇന്ധനം വാങ്ങുന്നത് - സംബന്ധിച്ച് നിർദ്ദേശം നൽകുന്നു

സൂചന: ഇല്ല

ഈ വകുപ്പിലെ ചില ഡ്രൈവർമാർ തങ്ങളെ ഏൽപ്പിച്ചിട്ടുള്ള വാഹനങ്ങളിൽ സ്വന്തം കൈയിൽ നിന്ന് ചെലവ് ചെയ്ത് ഇന്ധനം നിറയ്ക്കുന്ന തായും ആയത് ക്ലെയിം ചെയ്യു ന്നതായും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഡ്രൈവർമാരെ കൊണ്ട് ഇന്ധനം വാങ്ങിപ്പിക്കുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1) യാതൊരു കാരണവശാലും മേലിൽ ഡ്രൈവർമാർ സ്വന്തം കൈയ്യിൽ നിന്നും ചെലവാക്കി ഡിപ്പാർട്ട്മെന്റ് വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുവാൻ പാടില്ലാത്തതും അതിനു വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന ബില്ലുകൾ മാറ്റി നൽകുവാൻ പാടില്ലാത്തതും ആകുന്നു.

(2) ഒഴിച്ചു കൂടാനാവാത്ത അവസരങ്ങളിൽ മേലിൽ ഇന്ധനം വാങ്ങേണ്ടി വരികയാണെങ്കിൽ അത് ഡിപ്പാർട്ട്മെന്റ് വാഹനം ഉപയോഗിക്കുന്ന ആൾ തന്നെ വാങ്ങി ക്ലെയിം ചെയ്യേണ്ടതാണ്.

(3) ഡ്രൈവർമാർ ഇതിനകം സമർപ്പിച്ചിട്ടുള്ള എല്ലാ ബില്ലുകളിലും ബന്ധപ്പെട്ട ഓഫീസർമാർ മേലൊപ്പ് (കൗണ്ടർ സൈൻ) വച്ചിരിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടി കൈക്കൊള്ളു ന്നതാണ്.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ